## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5779** **03.11.2016-ൽ മറുപടിയ്ക്ക്**

### ലെക്കിടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ലെക്കിടി ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ യും ബി യും ലെക്കിടി ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന പദ്ധതികൾ (RWSS - ലെക്കിടി, പേരൂർ BWSS - മുളഞ്ഞൂർ, BWSS അകലൂർ, BWSS പാലക്കുറിശ്ശി പറമ്പ്, RWSS ഞാവലിൻ കടവ്) ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ലെക്കിടി ഗ്രാമപഞ്ചായത്തിലെ നെല്ലിക്കാറുശ്ശി കുഴൽ കിണർ പദ്ധതി മാത്രമാണ് ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ളത്. വേനൽ രൂക്ഷമാകുന്നതോടു കൂടി നെല്ലിക്കറിശ്ശി പദ്ധതിയിൽ അഡീഷണൽ പമ്പിംഗിനായി അധിക ഷിഫ്റ്റ് ഏർപ്പെടുത്തേണ്ടി വരും.<br>ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി ഗ്രാമ പഞ്ചായത്തിനെ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ രണ്ടാം ബാച്ച് പഞ്ചായത്തായി ഉൾപ്പെടുത്തിയിട്ടുണ്ട്. ലെക്കിടി ഗ്രാമപഞ്ചായത്തിലെ 106 കുടംബങ്ങൾക്ക വേണ്ടിയുള്ള സംഘമിത്ര എന്ന ജലനിധി പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. |
| ബി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ ഏതെല്ലാം പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | |
| സി ലെക്കിടി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ വിശദാംശം നൽകുമോ? | സി ലെക്കിടി ഗ്രാമപഞ്ചായത്ത് വഴി മൂന്ന പദ്ധതികളാണ് ജലനിധി നടപ്പിലാക്കുന്നത്.<br>1. സംഘമിത്ര - പദ്ധതി പൂർത്തീകരിച്ചു<br>2. ലെക്കിടി പേരൂർ ബൃഹദ് പദ്ധതി - ഭാരതപ്പുഴയിലെ ലെക്കിടി തടയണയെ സ്രോതസ്സാക്കി 3400 കുടുംബങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് 10.28 കോടിയുടെ സാങ്കേതികാനുമതി ലഭിച്ച ബൃഹത് പദ്ധതിയുടെ 95% പൂർത്തീകരിച്ചു. 98 കിലോമീറ്ററുള്ള വിതരണ ശൃംഖലയില 64 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു, പ്ലാന്റ്, ടാങ്ക് എന്നിവയുടെ പണികൾ എന്നിവ 2017 മാർച്ച് 31-നുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുന്ന തരത്തിലുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br>3. ഞാവലിൻ കടവ് പുനരുദ്ധാരണ പദ്ധതി - എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ